# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1650.

04-12-2018 ൽ മറുപടിയ്ക്ക്

## ചെട്ടിപ്പാടം പാടശേഖരം

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യുവാനായി കൊച്ചിൻ കോർപ്പറേഷൻ പെട്ടിയും പറയും സ്ഥാപിക്കുവാൻ തുക അനുവദിച്ച സാഹചര്യത്തിൽ നിലമൊരുക്കുന്നതിനും പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനും കൃഷി വകുപ്പ് സത്വരമായ നടപടി സ്വീകരിക്കുമോ; | (എ) | എറണാകുളം ജില്ലയിലെ ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യുവാനായി കൊച്ചി കോർപ്പറേഷൻ പെട്ടിയും പറയും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പാടശേഖരം കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പാടശേഖരത്തിൽ കൃഷി ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പാടശേഖര സമിതിയുടെ യോഗം അടിയന്തിരമായി വിളിച്ചുചേർക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ